പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**54 (*421) തൊഴിലുറപ്പ് പദ്ധതി**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ.സി. ജോസഫ്) നൽകിയ മറുപടിയിൽ, ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റ് ഗ്രാമപഞ്ചായത്തുകളിലെല്ലാം തൊഴിലുറപ്പ് പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് തൊഴിൽ ലഭിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് തൊഴിൽ കാർഡ് നൽകുകയും ആവശ്യപ്പെടുന്നവർക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം അനുവദനീയമായ പ്രവൃത്തികൾ നിർണ്ണയിക്കുന്നത് കേന്ദ്രസർക്കാരാണ്. പുതിയതായി 49 ഇനം പ്രവൃത്തികൾകൂടി ഉൾപ്പെടുത്തണമെന്നും ഈ പദ്ധതിപ്രകാരം തൊഴിലെടുക്കുന്നവരുടെ വേതനം 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഗുണഭോക്താ

ക്കൾക്ക് സമയബന്ധിതമായി തൊഴിലും കൂലിയും ലഭ്യമാക്കുന്നതിനും മെറ്റീരിയൽ കോമ്പോണന്റ് ഈ പദ്ധതിയുടെ ഭാഗമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയെ കാർഷിക മേഖലയുമായി ബന്ധപ്പെടുത്തുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തുകളിൽ നീർത്തടാധിഷ്ഠിത പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിൽ കിടങ്ങ്, മഴക്കുഴി തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികളെക്കൂടി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടത്തിയിട്ടുള്ളവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**55 (*422) <u>നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കാൻ നടപടി</u>**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന താങ്ങുവിലയെക്കാൾ ഉയർന്ന വിലയ്ക്കാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരണം നടത്തുന്നതെന്നും ഈ സർക്കാർ അധികാരമേറ്റശേഷം കിലോയ്ക്ക് 15/- രൂപയാക്കി സംഭരണ വില ഉയർത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംഭരണവില കൂടുന്നതിന് ആനുപാതികമായി അരിയുടെ വില വർദ്ധിക്കുന്നത് സാധാരണക്കാരെ ബാധിക്കുമെന്നതിനാൽ നിലവിലുള്ള സംഭരണ വില വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കർഷകർക്ക് സംഭരണ വില നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സെപ്റ്റംബർ, നവംബർ, ഫെബ്രുവരി മാസങ്ങളിലായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം നടത്തുന്നുണ്ടെന്നും 2011-12 സാമ്പത്തിക വർഷത്തിൽ 75

കോടി രൂപ നെല്ല് സംഭരണത്തിനായി നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ 'എല്ലാരും പാടത്തേയ്ക്ക്' എന്ന പദ്ധതി തുടരുന്നതാണ്. കുടുംബശ്രീ യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി നെൽക്കൃഷി വ്യാപകമാക്കുന്നതിന് കൃഷി/പഞ്ചായത്ത്/ഗ്രാമവികസന വകുപ്പുകൾ ചേർന്ന് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പൊക്കാളി/കോൾ കൃഷി മേഖലകളുമായി ബന്ധപ്പെട്ട് 499 കോടി രൂപയുടെ പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രകൃതി ക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകാൻ ശ്രമിക്കുന്നതാണ്. നെല്ലുല്പാദക ബോണസ് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും ഉല്പാദന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി കൊയ്ത്ത് യന്ത്രങ്ങളുടെ ഉപയോഗം സംബന്ധിച്ച ട്രയൽ നടത്താൻ നിർദ്ദേശം നൽകുന്നതാണെന്നും കാസർഗോഡ് ജില്ലയെ നെല്ല് സംഭരണ മേഖലയാക്കി മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**56 (*423) <u>പ്രവാസി പ്രശ്നങ്ങൾക്ക് പരിഹാരം</u>**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പ്രവാസികളുടെ പ്രശ്നങ്ങളിൽ സമയോചിതമായി ഇടപെടുന്നുണ്ടെന്നും സംസ്ഥാന ഗവൺമെന്റിന്റെ പരിധിക്ക് പുറത്തുള്ള കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. 'നോർക്ക'യുടെ കീഴിൽ പ്രവാസികളുമായി ബന്ധപ്പെട്ട എല്ലാ സംരംഭങ്ങളുടേയും ഓഫീസും കേന്ദ്ര ഗവൺമെന്റിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രേഷൻ ഓഫീസും പ്രവർത്തി

ക്കുന്നുണ്ട്. പ്രവാസികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പരാതികൾ പരിഹരിക്കാൻ നോർക്ക റൂട്ട്സ് സെല്ലുകളുടെ പ്രവർത്തനം ശക്തമാക്കുന്നതും എല്ലാ ജില്ലകളിലും ഇതിന്റെ ഓഫീസ് ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. വിമാന യാത്രാക്കൂലി വർദ്ധന സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. 300 രൂപ ഫീസ് ഈടാക്കിക്കൊണ്ട് നോർക്ക റൂട്ട്സ് നൽകുന്ന തിരിച്ചറിയിൽ കാർഡ് ലഭിച്ച പ്രവാസികളിൽ സ്ഥിര വൈകല്യമുള്ളവർക്ക് 2 ലക്ഷം രൂപയുടെയും ഭാഗികമായി വൈകല്യമുള്ളവർക്ക് 1 ലക്ഷം രൂപയുടെയും സെക്യൂരിറ്റി കവറേജുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. എൻ.ആർ.ഐ.-ക്കാരുടെ ഇൻകം ടാക്സ് എക്സംപ്ഷൻ പ്രിവിലേജ് നിലനിർത്തുന്ന കാര്യവും പ്രവാസി ക്ഷേമനിധിയിൽ അംഗത്വത്തിനുള്ള പ്രായപരിധി 60 വയസ്സാക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. 'ആധാർ' തിരിച്ചറിയൽ കാർഡ് ബാധകമാക്കുന്നതോടുകൂടി പ്രവാസികളുടെ യഥാർത്ഥ കണക്ക് ലഭ്യമാകും. എമിഗ്രേഷൻ ഫീസ് പ്രവാസികൾക്ക് പ്രയോജനകരമായ വിധത്തിൽ ചെലവഴിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യ പ്പെടുന്നതാണ്. നാട്ടിലേയ്ക്ക് വരാൻ സാധിക്കാതെ സൗദി അറേബ്യയിൽ കഴിയുന്ന മലയാളികളെ തിരിച്ചെത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്ന താണെന്നും മംഗലാപുരം വിമാനാപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിലുള്ള തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**57 (*424) സഹകരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താൻ നടപടി**

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾക്കാവശ്യമായ നിക്ഷേപം സമാഹരിക്കുന്നതിനും ശക്തമായ സാമ്പത്തിക അടിത്തറ കൈവരിക്കുന്നതിനുമായി 2011 നവംബർ 1 മുതൽ 30 വരെ നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. ദുർബലവും ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ ഓഹരി, വായ്പ, സബ്സിഡി എന്നിവയ്ക്കും ദുർബല കാർഷിക സംസ്ക്കരണ യൂണിറ്റുകൾ/വിപണന സംഘങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനും പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധനശേഷി ശക്തിപ്പെടുത്തുന്നതിനുമായി പദ്ധതി വിഹിതത്തിൽനിന്നും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സഹകരണ സംഘങ്ങൾക്കാവശ്യമായ ധനസഹായം എൻ.സി.ഡി.സി., നബാർഡ് എന്നീ ഏജൻസികളിൽ നിന്നും ലഭ്യമാകുന്നുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന സഹകരണ ക്ഷേമവികസന പദ്ധതി കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഭരണകർതൃത്വം, നടത്തിപ്പ്, സാമ്പത്തികം എന്നീ മേഖലകളിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ച് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വകുപ്പുതലത്തിൽ മോണിട്ടർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ആധുനിക-വൈവിദ്ധ്യവത്കരണം ഉൾപ്പെടെ സഹകരണ

മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. 31.8.2011-ലെ കണക്കുപ്രകാരം ഈ മേഖലയിൽ 69540.21 കോടി രൂപയുടെ നിക്ഷേപവും 50250 കോടി രൂപയുടെ വായ്പ ബാക്കി നിൽപ്പും ഉണ്ട്. നിക്ഷേപ ബാക്കി നിൽപ്പിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട കരുതലുകൾ ഒഴികെ മുഴുവൻ തുകയും വായ്പയായി നൽകിയിട്ടുണ്ട്. നിക്ഷേപം വർദ്ധിക്കുന്നതിനനുസരിച്ച് പുതിയ വായ്പാ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. ഉല്പാദനാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സഹകരണ ബാങ്കുകൾ വായ്പ നൽകുന്നുണ്ട്. 25,000/- രൂപ വരെ പലിശരഹിത കാർഷിക വായ്പ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും കാർഷികേതര വായ്പകൾക്ക് 5% പലിശ സബ്സിഡി നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു. സാമ്പത്തിക സ്ഥിതിയനുസരിച്ച് സഹകരണ സംഘങ്ങൾ തൊഴിലധിഷ്ഠിത സംരംഭങ്ങൾ നടത്തിവരുന്നുണ്ടെന്നും തൃശ്ശൂർ, ആലപ്പുഴ, എറണാകുളം എന്നീ ജില്ലാ സഹകരണ ബാങ്കുകളിലും ചില പ്രാഥമിക സഹകരണ ബാങ്കുകളിലും എ.ടി.എം. സംവിധാനം നിലവിലുണ്ടെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ക്ഷീര കർഷകർക്ക് പലിശ രഹിത വായ്പ അനുവദിക്കുന്നതിന് സഹകരണ ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് മാത്രമേ സാധിക്കുകയുള്ളൂവെന്നും ഇക്കാര്യം പരിഗണി ക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി വ്യക്തമാക്കി.

58 (*425) പണിമുടക്കിനെ നേരിടുന്നതിന് സ്ഥിരം സംവിധാനം

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മിന്നൽ പണിമുടക്ക്

നേരിടുന്നതിന് ജില്ലാ കളക്ടർമാർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (ജനറൽ) കൺവീനറായും ജില്ലാ പോലീസ് സൂപ്രണ്ട്, അതാത് ജില്ലയിലെ മൂന്ന് സീനിയർ ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവർ അംഗങ്ങളായും രൂപീകരിച്ചിട്ടുള്ള സമിതികൾ എല്ലാ ജില്ലകളിലും നിലവിൽ വന്നിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മിന്നൽ പണിമുടക്കുകൾ രാഷ്ട്രീയ പ്രേരിതവും ന്യായരഹിതവുമാണെന്ന് കണ്ടെത്തിയാൽ പണിമുടക്കിന് കാരണക്കാരായവരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള അധികാരം സമിതിക്ക് നൽകുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4188 മുതൽ 4433 വരെയുള്ള ചോദ്യങ്ങളിൽ 152 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)